# പത്രക്കുറിപ്പ്

**01.11.2017** തീയതി വിവിധ സംഘടനകളുടെ സെക്രട്ടറിയേറ്റ് മാർച്ചിനോടനു ബന്ധിച്ച് അന്നേദിവസം രാവിലെ **10.00** മണി മുതൽ തിരുവനന്തപുരം നഗരത്തിൽ ഗതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

സെക്രട്ടറിയേറ്റ് മാർച്ച് ആരംഭിക്കുന്ന സമയം മുതൽ അവസാനിക്കുന്നതുവരെ മ്യൂസിയം– ആർ.ആർ.ലാംമ്പ് - രക്തസാകക്ഷി മണ്ഡപം - വി.ജെ.റ്റി - സ്റ്റാച്യൂ - ആയുർവേദ കോളേജ് – ഓവർ ബ്രിഡ്ജ്- വരെയുള്ള റോഡിലും വെള്ളയമ്പലം - ആൽത്തറ – വഴുതക്കാട് റോഡിലും ഗതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതും പൊതുജനങ്ങൾ ഇതുവഴിയുള്ള യാത്ര ഒഴിവാക്കേണ്ടതാണ്.

നെടുമങ്ങാട് ഭാഗത്തു നിന്നും തമ്പാനൂരിലേയ്ക്കും കിഴക്കേകോട്ടയിലേയ്ക്കും പോകേണ്ട വാഹനങ്ങൾ പേരൂർക്കടയിൽ നിന്നും തിരിഞ്ഞ് പൈപ്പിൻമൂട് - ശാസ്തമംഗലം - ഇടപ്പഴിഞ്ഞി - എസ്.എം.സി ജംഗ്ഷൻ വഴി പോകേണ്ടതാണ്.

കഴക്കൂട്ടം - കോവളം ബൈപ്പാസ് വഴി ആറ്റിങ്ങൽ ഭാഗത്തു നിന്നും തമ്പാനൂർ – കിഴക്കേകോട്ട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഉള്ളൂർ – മെഡിക്കൽ കോളേജ് - കണ്ണമ്മൂല – പാറ്റൂർ – ആശാൻ സ്ക്വയർ – അണ്ടർ പാസ് വഴി പോകേണ്ടതാണ്.

നെയ്യാറ്റിൻകര ഭാഗത്തു നിന്നും കിഴക്കേകോട്ട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ കരമന - കിള്ളിപ്പാലം - അട്ടകുളങ്ങര വഴി പോകേണ്ടതാണ്.

തമ്പാനൂർ – കിഴക്കേകോട്ട ഭാഗത്തു നിന്നും NH & MC ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ അരിസ്റ്റോ ജംഗ്ഷൻ – മോഡൽസ്കൂൾ ജംഗ്ഷൻ – ബേക്കറി ജംഗ്ഷൻ അണ്ടർ പാസ്സേജ്- ആശ്ശാൻ സ്ക്വയർ ചുറ്റി ഫ്ലൈ ഓവർ – പി.എം.ജി - പട്ടം വഴിയോ പോകേണ്ടതാണ്.

കിഴക്കേകോട്ട ഭാഗത്തു നിന്നും പേരൂർക്കട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഓവർബ്രിഡ്ജ്- തമ്പാനൂർ – പനവിള – ബേക്കറി ജംഗ്ഷൻ – വഴുതക്കാട് - എസ്.എം.സി - ഇടപ്പഴിഞ്ഞി - ശാസ്തമംഗലം വഴി പോകേണ്ടതാണ്.

കിഴക്കേകോട്ട ഭാഗത്തു നിന്നും പേട്ട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ വെട്ടിമുറിച്ച കോട്ട – വാഴപ്പള്ളി ജംഗ്ഷൻ – മിത്രാനന്ദപുരം - എസ്.പി ഫോർട്ട് ആശുപത്രി- കൈതമുക്ക് - ഉപ്പിലാമ്മൂട് - പഴയ കളക്ടറേറ്റ് വഴി ഇടത്തോട്ട് തിരിഞ്ഞ് പേട്ട – നാലുമുക്ക് വഴിയും പോകേണ്ടതാണ്.

സെക്രട്ടറിയേറ്റ് മാർച്ചിൽ പങ്കെടുക്കുന്നതിന് വാഹനങ്ങളിൽ NH & MC റോഡുകളിൽ നിന്നും വരുന്നവർ യഥാസ്ഥാനങ്ങളിൽ ആൾക്കാരെ ഇറക്കിയശേഷം ഈഞ്ചയ്ക്കൽ ജംഗ്ഷൻ കഴിഞ്ഞ് കോവളം ഭാഗത്തേക്ക് പോകുന്ന ബൈപ്പാസ്സ് റോഡിൽ ഒതുക്കി പാർക്ക് ചെയ്യേണ്ടതാണ്.

വാഹനങ്ങൾ ഗതാഗതതടസ്സം കൂടാതെ പോകേണ്ട സ്ഥലങ്ങൾക്കനുസരിച്ച് പാർക്ക് ചെയ്യേണ്ടതാണ്. റോഡിനു സമാന്തരമായോ,ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്യുവാൻ പാടില്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ആളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

സെക്രട്ടറിയേറ്റ് മാർച്ച് കഴിഞ്ഞ് വിവധ സ്ഥലങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ ആളെ എടുത്ത് ബൈപ്പാസിലൂടെ തന്നെ വടക്ക് ഭാഗത്തേയ്ക്കും തെക്ക്ഭാഗത്തേയ്ക്കും പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽപ്പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731,0471-2558732

Sd/-

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.